# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.413

18.12.2014 ൽ മറുപടിയ്ക്ക്

## സൂപ്പർ മാർക്കറ്റുകളുടെ നവീകരണം

ചോദ്യം

ശ്രീ. കെ. മുരളീധരൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. സണ്ണി ജോസഫ്
ശ്രീ. പി.സി. വിഷ്ണുനാഥ്

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകൾ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) ആയതിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; ഇതുകൊണ്ട് ജനങ്ങൾക്കുള്ള പ്രയോജനം വ്യക്തമാക്കുമോ;

(സി) നിത്യോപയോഗ സാധനങ്ങൾ പീപ്പിൾസ് ബസാറിൽ ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുമോ ; വിശദമാക്കുമോ ?

(എ) ഉണ്ട്. പ്രതിമാസം 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും 2500 ച. അടിയിലധികം വിസ്തീർണ്ണമുള്ളതും മതിയായ വാഹന പാർക്കിംഗ് സൗകര്യമുള്ളതും പ്രധാനപ്പെട്ട നഗരങ്ങളിൽ പ്രവർത്തിച്ചുവരുന്നതുമായ സൂപ്പർ മാർക്കറ്റുകളെ പീപ്പിൾസ് ബസാറാക്കി ഉയർത്തുന്നതിന് തീരുമാനിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) യും (സി) യും ഉണ്ട്. 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും മതിയായ സ്ഥലസൗകര്യം ഉള്ളതുമായ 24 സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകളാക്കി മാറ്റി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിലുള്ള 24 പീപ്പിൾസ് ബസാറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | മേഖല | സ്ഥലം |
|---|---|---|
| 1 | തിരുവനന്തപുരം | പഴവങ്ങാടി |
| 2 | | കിഴക്കേക്കോട്ട |
| 3 | | കൊല്ലം |
| 4 | | പുനലൂർ |
| 5 | കോട്ടയം | മുണ്ടക്കയം |
| 6 | | പത്തനംതിട്ട |
| 7 | | അടൂർ |
| 8 | | തൊടുപുഴ |
| 9 | | അടിമാലി |
| 10 | എറണാകുളം | കുത്താട്ടുകുളം |
| 11 | | പനമ്പള്ളി നഗർ |
| 12 | | ആലപ്പുഴ |
| 13 | | കൊച്ചി, ചുള്ളിക്കൽ |
| 14 | | അങ്കമാലി |

| | | |
|---|---|---|
| 15 | പാലക്കാട് | പാലക്കാട് |
| 16 | | തൃശ്ശൂർ |
| 17 | | പെരിന്തൽമണ്ണ |
| 18 | | ഒറ്റപ്പാലം |
| 19 | | കൊട്ടുങ്ങല്ലൂർ |
| 20 | | അങ്ങാടിപ്പുറം |
| 21 | കോഴിക്കോട് | കോഴിക്കോട് മാവൂർ റോഡ് |
| 22 | | കാസർഗോഡ് ഓൾഡ് ബസ്സ്റ്റാൻഡ് |
| 23 | | കാസർഗോഡ് ന്യൂ ബസ്സ്റ്റാൻഡ് |
| 24 | | സുൽത്താൻ ബത്തേരി |

കൂടാതെ നീലേശ്വരം (കാസർഗോഡ്), കണ്ണൂർ, കൊട്ടിയം (കൊല്ലം), പാരിപ്പള്ളി (കൊല്ലം) എന്നീ സൂപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറുകളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വൻകിട സ്വകാര്യ കമ്പനികൾ ആരംഭിച്ചിട്ടുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും സേവനങ്ങളും സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയാണ് പീപ്പിൾസ് ബസാറുകൾകൊണ്ട് ഉദ്ദേശിക്കുന്നത്. സബ്സിഡി നിരക്കിലുള്ള 13 ഇനം അവശ്യസാധനങ്ങൾക്കും, മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ പച്ചക്കറികളും, മറ്റ് ഉപഭോക്തൃ താൽപര്യ ഉൽപ്പന്നങ്ങളും, മിൽമ, കയർ ബോർഡ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യാ തുടങ്ങിയ സർക്കാർ കമ്പനികളുടേതുൾപ്പെടെ, ഒരു കുടുംബത്തിന് ആവശ്യമായ വിവിധ ബ്രാന്റുകളിലുള്ള എല്ലാ ഉൽപന്നങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക വഴി ഉപഭോക്താക്കൾക്ക് മികച്ച സാധനങ്ങൾ യഥേഷ്ടം തിരഞ്ഞെടുക്കാൻ സാധിക്കുന്നു. ആധുനിക സൗകര്യങ്ങളോടു കൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളികൾ എന്നിവയ്ക്ക് പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ച് ബോധ്യപ്പെട്ട് തൃപ്തിയായി തിരഞ്ഞെടുക്കാനുള്ള സൗകര്യങ്ങളും പീപ്പിൾസ് ബസാറുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നു.

സെക്ഷൻ ഓഫീസർ